ഭരണഭാഷ-മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടി**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം :- ഡി.ഇ.എസ് – ജീവനകാര്യം – സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിൽ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 22/11/2019 ലെ വിജിലൻസ് 207/2019/ഡിഇഎസ് നമ്പർ അനൗദ്യോഗിക കുറിപ്പ്.
2. 22/11/2019 ലെ വിജിലൻസ് 11064/2019/ഡിഇഎസ് നമ്പർ അനൗദ്യോഗിക കുറിപ്പ്
3. 23/11/2019 ലെ വിജിലൻസ് 22592/2019/ഡിഇഎസ് നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ.ഇ.എ (1)2019/2019/ഡിഇഎസ്, തീയതി : 26/11/2019**

കോട്ടയം ജില്ലാ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, വൈക്കം താലൂക്കിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ബിവിൻ ജോർജ്ജ്-നെ മിഷൻ അന്ത്യോദയ സർവേ-2019 ജില്ലാതല രജിസ്ട്രേഷനും മറ്റു ക്രമീകരണങ്ങളും തടസ്സപ്പെടുത്തി, PMFBY പദ്ധതിയിൽ ഉൾപ്പെട്ട വിളപരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകുവാൻ പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

കൊല്ലം ജില്ലാ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കുന്നത്തൂർ താലൂക്കിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ജോർജ്ജ്.എ-യ്ക്ക് വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകുവാൻ പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത അച്ചടക്കനടപടിയുടെ ഭാഗമായുള്ള സ്ഥലംമാറ്റവും അപേക്ഷ പ്രകാരമുള്ള സ്ഥലംമാറ്റവും ചുവടെ ചേർക്കും വിധം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും നിലവിലെ ആഫീസും | സ്ഥലം മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1. | ശ്രീ.ബിവിൻ ജോർജ്ജ്<br>സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, കോട്ടയം<br>(പരാമർശം (1) പ്രകാരം) | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ,<br>ICDS സെൽ, പത്തനംതിട്ട.<br>(ശ്രീ.രാജ് കൃഷ്ണൻ -ജി-യ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |
| 2. | ശ്രീ.രാജ് കൃഷ്ണൻ.ജി<br>ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ,<br>ICDS സെൽ<br>പത്തനംതിട്ട.<br>(അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, കൊല്ലം.<br>(ശ്രീ.ജോർജ്ജ്.എ-യ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |

| | | |
|---|---|---|
| 3. | ശ്രീ.ജോർജ്ജ്.എ,<br>സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, കൊല്ലം.<br>(പരാമർശം (2) പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I<br>മുനിസിപ്പൽ ഓഫീസ്, വൈക്കം<br>(ശ്രീ.പി.ജയകൃഷ്ണന് സസ്പെൻഷനായ ഒഴിവ്) |

ബന്ധപ്പെട്ട ആഫീസ് മേധാവികൾ ടി ജീവനക്കാരെ എത്രയും വേഗം വിടുതൽ ചെയ്യേണ്ടതും ജീവനക്കാരെ വിടുതൽ ചെയ്ത വിവരവും, ജോലിയിൽ പ്രവേശിപ്പിച്ച വിവരവും യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
വി.രാമചന്ദ്രൻ
ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1) സെക്രട്ടറി, മുനിസിപ്പൽ ഓഫീസ്, വൈക്കം
2) പ്രോഗ്രാം ഓഫീസർ, ICDS സെൽ, പത്തനംതിട്ട.
3) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കൊല്ലം/കോട്ടയം
4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
6) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)

Pm